"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിലെ ശ്രീമതി. സുലൈഖ പി.പിയ്ക്ക് ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണാനുകൂല്യം അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1641/2024/LSGD തീയതി,തിരുവനന്തപുരം, 06-09-2024

---

പരാമർശം:- 1. സംസ്ഥാന ഭിന്നശേഷി കമ്മീഷന്റെ 18.07.2024 ലെ OP(RPWD)No.2265/S6/2023/എസ്.സി.പി.ഡബ്ല്യു.ഡി നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിലെ ശ്രീമതി. സുലൈഖ പി.പി യുടെ മൂന്ന് മക്കളിൽ ഒരാൾ 100% കാഴ്ച വൈകല്യമുള്ളയാളാണെന്നും സ്വന്തമായി റേഷൻകാർഡും ഭൂമിയും ഇല്ലാതിരുന്നതിനാൽ ലൈഫ് 2020 അപേക്ഷ ക്ഷണിച്ചപ്പോൾ, അപേക്ഷ നൽകാൻ സാധിച്ചിരുന്നില്ല എന്നും ഇപ്പോൾ സ്വന്തമായി റേഷൻകാർഡ് ലഭിച്ചതിനാലും 5 സെന്റ് സ്ഥലം വാങ്ങിയിട്ടുള്ളതിനാലും അപേക്ഷ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം മാപ്പാക്കി വീട് അനുവദിക്കുന്നതിനായി ശ്രീമതി. സുലൈഖ പി.പി, സംസ്ഥാന ഭിന്നശേഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ, ഹർജ്ജിക്കാരിയുടെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച് ലൈഫ് മിഷൻ പ്രകാരം ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിന് പരിഗണിക്കുന്നതിന് പരാമർശം പ്രകാരം ബഹു. സംസ്ഥാന ഭിന്നശേഷി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ശ്രീമതി. സുലൈഖ പി.പി 100% കാഴ്ച വൈകല്യമുള്ളകുട്ടിയുടെ മാതാവാണെന്നത് പരിഗണിച്ചും, സംസ്ഥാന ഭിന്നശേഷി കമ്മിഷന്റെ ഉത്തരവ് കണക്കിലെടുത്തും മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിലെ ശ്രീമതി. സുലൈഖ പി.പിയെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണാനുകൂല്യം അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

സംസ്ഥാന ഭിന്നശേഷി കമ്മീഷൻ, ആഞ്ജനേയ റ്റി.സി/9 /1023(1) ഗ്രൗണ്ട് ഫ്ളോർ, ശാസ്തമംഗലം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ശ്രീമതി. സുലൈഖ പി.പി, തടത്തിൽ ഹൗസ്, പറമ്പിൽ പീടിക, പെരുവള്ളൂർ, മലപ്പുറം 676317

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba. S. C
Date: 07-09-2024 10:06:43

സെക്ഷൻ ഓഫീസർ